# മണപ്പിക്കുന്ന ലഹരികൾ (ഇൻഹലന്റുകൾ)

ഡോ. പി.എൻ. സുരേഷ്കുമാർ
ഡയറക്ടർ,
ചേതന - സെന്റർ ഫോർ ന്യൂറോ സൈക്യാട്രി, കോഴിക്കോട്

മതപരമായ ചടങ്ങുകളുടെ ഭാഗയി സുഗന്ധവസ്തുക്കൾ, എണ്ണകൾ, മരപ്പശകൾ, സുസന്ധവ്യഞ്ജനങ്ങൾ, സുഗന്ധലേപനങ്ങൾ എന്നിവയുടെ പുക ശ്വസിക്കുന്ന ശീലം ഈജിപ്ത്, ബാബിലോണിയ. ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ പുരാതനകാലം മുതൽതന്നെ നിലനിന്നിരുന്നു. പുക, ബാഷ്പം എന്നിവ ശ്വസിച്ച് ലഹരിക്കടിമപ്പെടുന്ന ചില കൗമാരക്കാരിൽ ഇവ മയക്കമുണ്ടാക്കുന്നു.

12നും 17നും ഇടയിൽ പ്രായമുള്ള ചെറുപ്പക്കാരിൽ ഏകേദേശം 2 ദശലക്ഷം പേർ അവരുടെ ജിവിതകാലയളവിൽ ഒരിക്കലെങ്കിലും ഇൻഹലന്റുകൾ ദുരുപയോഗം ചെയ്തിട്ടുണ്ടാകുമെന്ന് നാഷണൽ ഹൗസ്ഹോൾഡ് സർവ്വെ ഓൺ ഡ്രഗ് അബ്യൂസ് (NHSDA) അഭിപ്രായപ്പെടുന്നു. ആറാം ക്ലാസ്സിലോ, ഏഴാം ക്ലാസ്സിലോ അതിലും താഴെയുള്ള ക്ലാസ്സുകളിലോ പഠിക്കുന്ന കുട്ടികൾ മദ്യം, പുകയില എന്നിവ കഴിഞ്ഞാൽ ലഹരിക്കായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വസ്തുക്കൾ ഇൻഹലന്റുകളാണ്. ഏകദേശം 12 വയസ് പ്രായമാകുമ്പോൾ തന്നെ കുട്ടികൾ ലഹരിക്കായി ഉപയോഗിച്ചുതുടങ്ങുന്ന ഇൻഹലന്റുകളെ "പ്രവേശനകവാട" മയക്കുമരുന്നുകളായാണ് കരുതിവരുന്നത്.

ഇൻഹലന്റുകൾ സ്വഭാവത്തിൽ ഏകാത്മകത പുലർത്തുന്നതിനാൽ അവയുടെ ആദ്യത്തെ ഉപയോഗമോ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉപയോഗമോപോലും മാരകമായേക്കാവുന്നതാണ്.

## ഇൻഹലന്റുകൾ എന്നാലെന്ത്?

വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ആയിരത്തിലധികം വസ്തുക്കളും സാധാരണയായി ഉപയോഗിച്ച് വരുന്ന മറ്റ് വസ്തുക്കളും ഈ ഗണത്തിൽ ഉൾപ്പെടുന്നു. നെയിൽ/ഷൂ പോളിഷ്, പശ, പെയിന്റ്, തിന്നർ, ലൂബ്രിക്കന്റ്സ്, പെട്രോൾ, മണ്ണെണ്ണ, മെഴുക്, സ്പ്രേ, എഴുത്തിലെ തെറ്റുകൾ തിരുത്താനുള്ള വൈറ്റ്നറുകൾ, നിലവും മറ്റും വൃത്തിയാക്കാൻ ഉപയോഗിക്കുന്ന ദ്രവങ്ങൾ, ലോക്കർ മുറികളിലും മറ്റും ഉപയോഗിക്കുന്ന സുഗന്ധവസ്തുക്കൾ, ലോഹപ്പാത്രങ്ങളിൽ ഉപയോഗിക്കുന്ന വാർനിഷുകൾ എന്നിവയെല്ലാം ഇൻഹലന്റുകളാണ്.

വീട്, സ്കൂൾ, ജോലിസ്ഥലം എന്നിവിടങ്ങളിൽ വെച്ച് ആളുകൾ ബാഷ്പശീലമുള്ള ലായകങ്ങൾ, മണമുള്ള മറ്റ് വസ്തുക്കൾ എന്നിവയുമായി ഇടപഴകുന്നു/സമ്പർക്കത്തിൽ ഏർപ്പെടുന്നു. ഇത്തരം മണമുള്ള വസ്തുക്കൾ മയക്കുമരുന്നു സാധ്യതയുള്ള വസ്തുക്കളാണെന്ന് നാമാരും ചിന്തിക്കാറില്ല. ഇത്തരം ഉല്പന്നങ്ങൾ ദുരുപയോഗം ചെയ്യപ്പെടുമെന്ന് ഒരിക്കലും ചിന്തിക്കാത്തതും അവയ്ക്ക് മേലുള്ള ജാഗ്രത നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കാൻ ആളുകൾ തയ്യാറാകാത്തതും ശ്രദ്ധ കേന്ദ്രീകരിക്കാത്തതും ഇവ ദുരുപയോഗം ചെയ്യാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. അവ ദുരുപയോഗം ചെയ്യുമ്പോൾ മനുഷ്യശരീരത്തിന് ഹാനികരമായ കൊടിയ വിഷമാണെന്ന് ആരും ചിന്തിക്കാറില്ല.

## പലതരം ഇൻഹലന്റ് ദുരുപയോഗങ്ങൾ

**1. കുറച്ചുകാലത്ത് കൂട്ടുകാരൊത്തുള്ള ഉപയോഗം**

10-നും 16-നും ഇടയിൽ പ്രായമുള്ള ഇക്കൂട്ടർ ശരാശരി ബുദ്ധിശക്തി ഉള്ളവരായിരിക്കും.

**2. ദീർഘകാലം കൂട്ടുകാരൊത്തുള്ള ഉപയോഗം**

അഞ്ചിൽ അധികം വർഷങ്ങൾ ഇവർ നിത്യവും സുഹൃത്തുക്കൾക്കൊപ്പമിരുന്നു ഉപയോഗിക്കുന്നവരായിരിക്കും. 20-നും 30-നും ഇടയിൽ പ്രായമുള്ള ഇവർ വിദ്യാഭ്യാസം പൊതുവെ കുറഞ്ഞവരും സാമൂഹ്യ ഇടപെടലുകളിൽ വിമുഖത കാണിക്കുന്നവരുമായിരിക്കും. ഇക്കൂട്ടർ ചെറിയ രീതിയിലുള്ള നിയമപ്രശ്നങ്ങളിൽ അകപ്പെടുന്നു.

**3. തനിച്ചുള്ള ഉപയോഗം**

20-നും 29-നും ഇടയിൽ പ്രായമുള്ളവരുടെ അഞ്ചിൽ അധികം വർഷത്തെ ദീർഘകാല ഉപയോഗം. ഇവർ ഇവ തനിച്ച് നിത്യേന ഉപയോഗിക്കുന്നു. ഇവർ വിദ്യാഭ്യാസം, സാമൂഹികമായ ഇടപെടലുകൾ എന്നിവ വളരെ കുറഞ്ഞവരും വിവിധ തരത്തിലുള്ള നിയമ പ്രശ്നങ്ങളിൽ അകപ്പെടുന്നവരുമായിരിക്കും.

### ഉപയോഗരീതി

മണപ്പിച്ചോ വായിൽകൂടി ആവിയായി ശ്വസിച്ചോ ആണ് ഇത്തരത്തിലുള്ള ഇൻഹലന്റുകൾ ഉപയോഗിക്കാറുള്ളത്. ഒരു വ്യക്തി സിഗരറ്റ് വലിക്കുന്നത് പോലെയാണിത്. സാധാരണയായി പശ, നെയിൽ പോളിഷ്, മാർക്കർ എന്നിവയുടെ തുറന്ന ട്യൂബുകൾ മൂക്കിന് അടുത്തായി പിടിച്ച് ആണ് ഇവയുടെ ആവി ശ്വസിക്കുന്നത്. ഇത്തരം വസ്തുക്കളെ പേപ്പർ ബാഗ്/പ്ലാസ്റ്റിക് ബാഗിലോ നിറച്ച് മൂക്കിലേക്ക് വലിച്ചെടുക്കാം. മറ്റ് ചിലർ തുണികക്ഷണം, തുവാല, ഷർട്ടിന്റെ കൈ, സോഡ എന്നിവയിൽ സ്പ്രേ ചെയ്തോ ഒഴിച്ചോ മണപ്പിക്കുന്നു. എഴുത്തിലെ തെറ്റ് തിരുത്താൻ ഉപയോഗിക്കുന്ന വൈറ്റ്നർ നെയിൽ പോളിഷ് പോലെ പുരട്ടിയതിന് ശേഷം ശ്വസിക്കുന്നവരുണ്ട്.

**ഇൻഹലന്റുകൾ പ്രവർത്തിക്കുന്നതെങ്ങനെ?**

മയക്കം, ലഹരി എന്നിവയുണ്ടാക്കുന്ന വിവിധ ഇൻഹലന്റുകളുടെ പ്രവർത്തനത്തിൽ തലച്ചോറിലെ ഒട്ടേറെ വ്യവസ്ഥകൾക്ക് പങ്കുണ്ട്. കേന്ദ്രനാഡീ വ്യവസ്ഥയെ ബാധിക്കുന്നതിനാലാണ് മിക്കവാറും എല്ലാ ഇൻഹലന്റുകളും ഒരു സന്തോഷപ്രദമായ അവസ്ഥ പ്രദാനം ചെയ്യുന്നത്. ഇതിലടങ്ങിയിട്ടുള്ള നൈട്രേറ്റുകൾ മയക്കം ഉണ്ടാക്കുന്നതിനൊപ്പം രക്തക്കുഴലുകളെ വികസിപ്പിക്കുകയും അവയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു.

## ഇൻഹലന്റ് ദുരുപയോഗത്തിന്റെ ലക്ഷണങ്ങൾ

സാധാരണയായി നാല് ഘട്ടങ്ങളിലായാണ് പ്രത്യക്ഷപ്പെടുന്നത്.

**1. ഒന്നാം ഘട്ടം (വികാര-വിക്ഷോഭ ഘടട്ടം)**

അമിത ആത്മവിശ്വാസം കൊണ്ടുള്ള സുഖാവസ്ഥ, വികാരവിക്ഷോഭം, ഹർഷോന്മാദം, തലകറക്കം, മതിഭ്രമം, തുമ്മൽ, ചുമ, മനംപുരട്ടൽ, ഛർദ്ദി, ചുവന്നു തുടുത്ത

ചർമ്മം, വിചിത്രമായ പെരുമാറ്റം എന്നിവ ഈ ഘട്ടത്തിൽ കണ്ടുവരുന്നു.

**2. രണ്ടാം ഘട്ടം (കേന്ദ്ര നാഡീവ്യവസ്ഥയുടെ മാന്ദ്യത്തിന്റെ ആരംഭം)**

ആശയക്കുഴപ്പം, വിരസത, ആത്മനിയന്ത്രണം, നഷ്ടമാക്കൽ, താളപ്പിഴകൾ, തലയിൽനിന്നും മണി അടിക്കുന്നതുപോലെയോ, മൂളുന്നതുപോലെയോ ഉള്ള തോന്നൽ, മങ്ങിയ കാഴ്ച, ഒരു വസ്തുവിനെ രണ്ടായി കാണൽ, കോച്ചിപ്പിടുത്തം, തലവേദന, വേദന അറിയാത്ത അവസ്ഥ, വിളർച്ച എന്നിവ അനുഭവപ്പെടുന്നത് ഈ ഘട്ടത്തിന്റെ പ്രത്യേകതയാണ്.

**3. മൂന്നാം ഘട്ടം (കേന്ദ്ര നാഡീവ്യവസ്ഥയുടെ മാന്ദ്യത്തിന്റെ മധ്യാവസ്ഥ)**

മയക്കം, പേശീ ചലനങ്ങളുടെ ഏകോപനം നഷ്ടമാകൽ, വ്യക്തതയില്ലാത്ത സംസാരം, മന്ദീപിച്ച ഉദ്ദീപനങ്ങൾ, നേത്രങ്ങൾ നിയന്ത്രണവിധേയമല്ലാത്ത രീതിയിൽ ചാഞ്ചാടൽ എന്നിവയാണ് ഈ ഘട്ടത്തിൽ ലക്ഷണങ്ങൾ.

**4. നാലാം ഘട്ടം (കേന്ദ്ര നാഡീവ്യവസ്ഥയുടെ മാന്ദ്യത്തിന്റെ അവസാന ഘട്ടം)**

പേടിപ്പെടുത്തുന്ന സ്വപ്നങ്ങളെ തുടർന്ന് ബോധം നഷ്ടമാകൽ, അപസ്മാരം, തലച്ചോറിന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ ഉണ്ടാകുന്നു.

**ദോഷഫലങ്ങൾ**

ഇൻഹലന്റുകൾ ദുരുപയോഗിക്കുന്നവർ മൂക്കിലൂടെയും വായിലൂടെയും അകത്താക്കുന്ന രാസപദാർത്ഥങ്ങളുടെ ബാഷ്പത്തിന്റെ അളവ് അവയുടെ ഉല്പാദകർ രൂപകൽപ്പന ചെയ്തതിന്റെ 100 മുതൽ 1000 ഇരട്ടിവരെ കടുതലായിരിക്കും. വിവിധ ഇൻഹലന്റുകളിൽ അടങ്ങിയിരിക്കുന്ന ഘടകവസ്തുക്കൾ വ്യത്യസ്തമാണെങ്കിലും അവയെല്ലാം മയക്കം ഉണ്ടാക്കുന്നവയാണ്. അവയെ പൊതുവെ കേന്ദ്രനാഡീവ്യവസ്ഥയെ മന്ദീഭവിപ്പിക്കുന്നവയുടെ ഗണത്തിലാണ് ഉൾപ്പെടുത്തുന്നത്. കേന്ദ്രനാഡീവ്യവസ്ഥയെ ബാധിക്കുന്നതിനാൽ അവ ശാരീരിക പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുന്നു. അവ കുറഞ്ഞ അളവിൽ ശ്വസിക്കുമ്പോൾ അല്പം ഉത്തേജനവും ചെറിയ മയക്കവും ലഭിക്കുന്നു.

അതേ സമയം ഇവ കൂടിയ അളവിൽ ഉപയോഗിച്ചാൽ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലെത്തുകയും ആത്മനിയന്ത്രണം നഷ്ടപ്പെടുകയും ചെയ്യുന്നു. അപ്പോൾ മതിഭ്രമവും ഉണ്ടാകുന്നു. രാസവസ്തുക്കൾ ശ്വസിക്കുന്നത് ആവർത്തിച്ചാൽ ഏതാനും മിനിട്ടുകൾ മുതൽ അനേകം മണിക്കൂറുകൾ വരെ നിലനിൽക്കുന്ന ലഹരി ലഭിക്കുന്നു.

ഇൻഹലന്റുകളുടെ വിഷാംശമുള്ള ബാഷ്പം ഗാഢമായി ശ്വസിച്ചാൽ പരിസര ബോധം നഷ്ടപ്പെടുന്നു. ആത്മനിയന്ത്രണം നഷ്ടമാകൽ, അക്രമണ സ്വഭാവം പ്രകടിപ്പിക്കൽ, മനം പുരട്ടൽ, അബോധാവസ്ഥ എന്നിവയും ഇതിന്റെ ഫലമായുണ്ടാകുന്നു. ഈ അവസ്ഥയിൽ ചിലപ്പോൽ മരണംവരെ സംഭവിക്കാം. പെട്ടെന്നുള്ള ഹൃദയാഘാതം, ശ്വാസം മുട്ടിയുള്ള മരണം എന്നിവയെല്ലാം ഇതിന്റെ പ്രത്യാഘാതങ്ങളാണ്. കേന്ദ്രനാഡീവ്യവസ്ഥയുടെ സ്ഥിതി വളരെ മോശമാകുന്നതിന്റെ ഫലമായി ശ്വസനം ക്രമേണ നിലക്കുന്നതാണ് മരണത്തിന് കാരണമാകുന്നത്.

**മറ്റു പരിണത ഫലങ്ങൾ**

- കേന്ദ്രനാഡീവ്യവസ്ഥ/തലച്ചോർ നാശം

- ഞരമ്പ് രോഗങ്ങൾ/കൈകാലുകളിലെ കോച്ചിപ്പിടുത്തം
- അസ്ഥിമജ്ജ നാശം
- കരൾ/വൃക്ക നാശം
- കേൾവി നഷ്ടമാകൽ
- രക്തത്തിലെ ഓക്സിജന്റെ അളവ് കുറയൽ
- ഹൃദയം, ശ്വാസകോശം എന്നിവ നശിക്കൽ
- കാഴ്ച നഷ്ടപ്പെടൽ

ശരീരത്തിലെ കൊഴുപ്പ് കോശങ്ങൾ കാർബൺ അടങ്ങിയ ലായകങ്ങളെ വളരെയധികം ആകർഷിക്കുന്നു. അവ ജലത്തിൽ ലയിക്കുന്നതിനേക്കാൽ അധികമായി കൊഴുപ്പുകളിൽ ലയിക്കുന്നുവെന്നാണ് ഇതിനർത്ഥം. അതിനാൽ ലായകങ്ങൾ രക്തത്തിൽനിന്നും വളരെ പെട്ടെന്ന് തലച്ചോർ, ഹൃദയം, കരൾ, പേശികൾ എന്നിവിടങ്ങളിലെ കൊഴുപ്പ് തന്മാത്രകളിൽ അടിഞ്ഞുകൂടി വളരെക്കാലം അവിടെ തങ്ങിനിൽക്കുന്നു. ഇൻഹലന്റുകൾ ഉപയോഗിക്കുമ്പോൾതന്നെ കേന്ദ്രനാഡീവ്യവസ്ഥ, പരിപ്രാണ നാഡീവ്യവസ്ഥ, കരൾ, വൃക്ക, ശ്വാസകോസങ്ങൾ, ഹൃദയം, അഡ്രിനൽഗ്രന്ഥി എന്നിവ കൊടിയ രാസവിഷങ്ങൾകൊണ്ട് നിറയുന്നു. ദീർഘകാലം ഇൻഹലന്റുകൾ ഉപയോഗിച്ച് വരുന്ന ഒരു വ്യക്തിയുടെ ശരീരത്തിൽ രാസവിഷങ്ങൾ കൂടിയ അളവിൽ അടങ്ങിയിരിക്കുന്നതിനാൽ അവ നിർവ്വീര്യമാക്കാൻ അനേകം ആഴ്ചകൾ വേണ്ടിവരും.

## ഇൻഹലന്റുകളുടെ പതിവായുള്ള ഉപയോഗം

ചില വ്യക്തികൾ മാനസികമായും ശാരീരികമായും ഇൻഹലന്റുകൾക്ക് ഇടിമപ്പെടുന്നു. ദീർഘകാലമായി ഇൻഹലന്റുകൾ ഉപയോഗിക്കുന്നവർക്ക് ഇത് കൂടിയ അളവിൽ ഉപയോഗിക്കേണ്ടിവരുന്നു. ഇടയ്ക്ക് വെച്ച് ഉപയോഗം നിർത്തിയാൽ പിൻവലിയൽ ലക്ഷണങ്ങൾ ഉണ്ടാകുന്നതിനാൽ ഉപയോഗം തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇവയുടെ ദുരുപയോഗം നിർത്താൻ ശ്രമിക്കുമ്പോൾ ഒട്ടേറെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാം. കൈകാൽവിറയൽ, പരിഭ്രമം, അമിതമായ വിയർപ്പ്, മതിഭ്രമം, വിറയൽ, തലവേദന, വയറുവേദന, കോച്ചിപ്പിടുത്തം എന്നിവ അവയിൽ ചിലതാണ്.

## ഉപയോഗിക്കാനുള്ള കാരണങ്ങൾ

വ്യക്തികൾ ഇൻഹലന്റുകൾക്ക് അടിമപ്പെടാൻ നിരവധി കാരണങ്ങളുണ്ട്. അവ താഴെ പറയുന്നവയാണ്.

- പരീക്ഷണാടിസ്ഥാനത്തിലുള്ള ഉപയോഗം
- സമപ്രായക്കാരിൽനിന്നുള്ള സമ്മർദ്ദം
- മനസ്സിന് ആശ്വാസം നൽകുമെന്ന തോന്നൽ
- സൗകര്യപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന വിധത്തിലുള്ള പാക്കിംങ്ങ്
- സുലഭമായ ലഹരിയുടെ ലഭ്യത

- നിയമപ്രശ്നങ്ങൾ തടസ്സമാകുന്നില്ല.

ഇൻഹലന്റുകളുടെ ഉയർന്ന നിലയിലുള്ള ലഹരി അധിക സമയം നിലനിൽക്കാറില്ലെങ്കിലും ഇവ ഇടയ്ക്കിടെ ഉപയോഗിക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ സ്കൂൾ സമയത്ത് ലഹരി സ്ഥിരമായി ഉയർന്ന നിലയിൽ നിലനിർത്താൻ കഴിയുന്നു. ഇൻഹലന്റ് ഉപയോഗത്തിന് ശേഷം പലർക്കും തലവേദന അനുഭവപ്പെടാം.

മിക്ക ചെറുപ്പക്കാരെയും ഒരു നല്ല സാമൂഹ്യജീവിയാക്കുന്ന പ്രധാന ശക്തികൾ കുടുംബം, സമുദായം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമപ്രായക്കാർ എന്നിവയാണ്. ഇൻഹലന്റുകളുടെ ദുരുപയോഗം ഈ ഘടകങ്ങളെയെല്ലാം പ്രതികൂലമായി ബാധിക്കുന്നു.

ഒരു സമൂഹത്തിൽ പരിസരപ്രദേശങ്ങളിലെ മറ്റ് വ്യക്തികൾ ഇൻഹലന്റുകൾ ദുരുപയോഗം ചെയ്യുമ്പോൾ അത് ആ പ്രദേശത്തെ വളർന്നുവരുന്ന തലമുറയ്ക്ക് തെറ്റായ സന്ദേശം നൽകുന്നു.

ശിഥിലമായ കുടുംബങ്ങളിലെ കുട്ടികൾ ഇൻഹലന്റുകൾ സ്ഥിരമായി ദുരുപയോഗം ചെയ്യുന്നവരാണെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കുടുംബങ്ങളിൽ കുട്ടികളും പിതാവും തമ്മിലുള്ള ബന്ധം മോശമായിരിക്കും. പിതാവ് മദ്യത്തിനും മയക്കുമരുന്നിനും അടിമയാണെങ്കിൽ കുട്ടികൾക്ക് അരക്ഷിതബോധമുണ്ടാക്കുന്നു. ഇൻഹലന്റ് ഉപയോഗിക്കുന്ന കുട്ടികളിൽ പഠനസംബന്ധിയായ വിവിധ പ്രശ്നങ്ങൾ ഉണ്ടാകാം. പഠനത്തിൽ മടി കാണിക്കുക, പഠനം പാതിവഴിക്ക് ഉപേക്ഷിക്കുക, മോശം പ്രകടനം, സ്കൂൾ അധികൃതരുമായി പ്രശ്നങ്ങളുണ്ടാക്കുക എന്നിവ അവയിൽ ചിലതാണ്. ചുരുക്കത്തിൽ ഇവർ കാലാലയ ജീവിതം ഇഷ്ടപ്പെടാത്തവരായിരിക്കും.

ഇൻഹലന്റ് ദുരുപയോഗവും കുറ്റകൃത്യങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ദീർഘകാലമായി ഇൻഹലന്റ് ദുരുപയോഗം ചെയ്യുന്നവർ പലപ്പോഴും വിചിത്രമായ ചിന്തകളിലും പ്രവൃത്തികളിലും ഏർപ്പെടുന്നു. ഇവരിൽ മാനസിക രോഗങ്ങൾ, അക്രമണോത്സുകത, കുറ്റവാസന എന്നിവയും കൂടുതലാണ്.

ഇൻഹലന്റുകൾ ഉപയോഗിക്കുന്ന ചെറുപ്പക്കാർ മറ്റുള്ളവരെ അപേക്ഷിച്ച് വളരെയധികം ഒറ്റപ്പെട്ട അവസ്ഥയിൽ കാണപ്പെടുന്നു. ഈ ഒറ്റപ്പെടൽ സമാനസ്വഭാവക്കാരെ കണ്ടെത്തുന്നതിലേക്കും ഗുരുതരമായ ഇൻഹലന്റ് ഉപയോഗത്തിലേക്കും നയിക്കുന്നു. ഇവരിൽ വിഷാദം, ഉത്കണ്ഠ, കുറ്റബോധം, ദേഷ്യം എന്നിവ കാണുന്നു.

അതുപോലെതന്നെ വൈകാരികവും സാമൂഹികവുമായ പ്രശ്നങ്ങളിൽനിന്നും മുക്തി നേടാൻ ഇൻഹലന്റ് ദുരുപയോഗം ശീലമാക്കിയവരുമുണ്ട്.

ഇൻഹലന്റ് ലഹരിക്കടിമപ്പെട്ടവർ കൂട്ടമായാണ് അവ ഉപയോഗിക്കാറുള്ളത്. അത്തരക്കാരുടെ സുഹൃത്തുക്കളും ബന്ധുക്കളിൽ വലിയൊരു ശതമാനവും ഇൻഹലന്റ് ഉപയോഗിക്കുന്നവരായിരിക്കും. ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ പ്രേരണമൂലമാണ് അവർ സാധാരണയായി ഇൻഹലന്റ് ദുരുപയോഗം തുടങ്ങുന്നത്. ഇൻഹലന്റുകൾ ഉപയോഗിക്കുന്ന സമപ്രായക്കാരിൽനിന്നും ആ ശീലം ഒട്ടേറെ ചെറുപ്പക്കാരിലേക്ക് വ്യാപിക്കാം.

**ചികിത്സ**

വിവിധ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന തീവ്രവും സങ്കീർണ്ണവുമായ ഇൻഹലന്റ് ദുരുപയോഗം ചികിത്സിച്ച് ഭേദമാക്കാൻ പ്രയാസമാണ്. ഇൻഹലന്റ് ദുരുപയോഗം തട

യുന്നതിനായി മദ്യപാനരോഗവും ലഹരി ഉപയോഗവും പ്രതിരോധിക്കുന്ന തരത്തിലുള്ള ചികിത്സകൾ നൽകാറുണ്ടെങ്കിലും അവയിലൂടെ ഭേദമാക്കാൻ കഴിയാത്ത നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

ചികിത്സയുടെ ആദ്യപടിയായി ഇത്തരക്കാരെ സമഗ്ര വൈദ്യപരിശോധനക്ക് വിധേയമാക്കി കേന്ദ്രനാഡീവ്യവസ്ഥക്ക് സംഭവിച്ച തകരാറ്, വൃക്ക, കരൾ എന്നിവയുടെ പ്രവർത്തന തകരാറുകൾ, ലെഡ് മൂലമുള്ള വിഷബാധ, ഹൃദയ-ശ്വാസകോശ സംബന്ധിയായ പ്രശ്നങ്ങൾ, പോഷകക്കുറവ് എന്നിവ മനസ്സിലാക്കുന്നു. ചികിത്സ പുരോഗതി വിലയിരുത്താനും ഇത്തരം പരിശോധനകൾ ആവർത്തിക്കേണ്ടതായി വരുന്നു. ഇൻഹലന്റ് ദുരുപയോഗത്താൽ നശിച്ച നാഡികളെ പൂർവ്വസ്ഥിതിയിലെത്തിക്കാൻ ഉള്ള സാധ്യത വിരളമാണ്.

ചികിത്സയെ പ്രതികൂലമായി ബാധിക്കുന്നതോ സ്വഭാവം/പെരുമാറ്റം എന്നിവ മോശമായ രീതിയിൽ മാറുന്നതിന് ആക്കം കൂട്ടുന്നതോ ആയ ഏതെങ്കിലും തരത്തിലുള്ള പഠനവൈകല്യങ്ങൾ കുട്ടികൾ അനുഭവിക്കുന്നുണ്ടോയെന്ന് മനസ്സിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

കുടുംബഘടന, കുടുംബസ്ഥിരത, അതിൽ ഉള്ള മാറ്റങ്ങൾ എന്നിവ ഇൻഹലൻര് ദുരുപയോഗത്തിൽനിന്നും മുക്തി നേടാൻ നൽകുന്ന ചികിത്സയിൽ പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തം വളരെ പ്രധാനമാണ്. ശരിയായ വിധത്തിലുള്ള രക്ഷാകർതൃത്വത്തെപ്പറ്റിയും സാമൂഹിക ബന്ധങ്ങൾ വളർത്തിയെടുക്കാനുള്ള കഴിവുകൾ നേടിയെടുക്കാനുള്ള മാർഗ്ഗങ്ങളെകുറിച്ചും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നൽകൽ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഇൻഹലന്റ് ദുരുപയോഗം ചെയ്യുന്നവരും കുടുംബാംഗങ്ങളും തമ്മിലുള്ള ആശയവിനിമയം വളരെ മോശമാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അതുപോലെ ശാരീരികവും മാനസികവും വൈകാരികവുമായ ശകാരങ്ങൾ ഏൽക്കുന്നത് അവർക്ക് വിഷമമുണ്ടാക്കുന്നു. ഇത്തരം പ്രശ്നങ്ങളെ വിലയിരുത്തേണ്ടതും അവയെപ്പറ്റി ചർച്ച ചെയ്യേണ്ടതും അത്യാവശ്യമാണ്. ഇൻഹലന്റുകൾ ദുരുപയോഗം ചെയ്യുന്നവർ വളരെ കുടിയ നിരക്കിൽ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയും ഉണ്ട്.

ഇൻഹലന്റ് ദുരുപയോഗം ചെയ്യുന്നവർ കൂട്ടമായി ഇരുന്നാണ് ഇവ ഉപയോഗിക്കുന്നത്. ശരിയായ രീതിയിലുള്ള ചികിത്സ ലഭിക്കുന്നതിലൂടെ കുട്ടികൾ ചീത്ത കൂട്ടുകെട്ടുകൾ ഒഴിവാക്കി നല്ല വഴിയിലേക്ക് വരുന്നു. രോഗമുക്തിക്കും ശരിയായ രീതിയിലുള്ള ചിന്തകൾ ഉണ്ടാകാനും ഇത് വളരെ പ്രധാനമാണ്.

എല്ലാ മേഖലയിലും നിന്നുള്ള പിന്തുണയും നൽകികൊണ്ട് ഇൻഹലന്റുകളിൽനിന്നും അകറ്റിനിർത്തിയുള്ള ചികിത്സാ രീതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഏറ്റുമുട്ടലുകൾ പരമാവധി ഒഴിവാക്കുകയും ജീവിതത്തിൽ അടിസ്ഥാനപരമായി ആവശ്യമുള്ള കഴിവുകൾ വളർത്തിയെടുക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നത് ചികിത്സയിലെ പ്രധാന ഇനമാണ്. കല, സംഗീതം, നൃത്തം, ബാന്റ് മേളം തുടങ്ങിയ കൈയും കണ്ണും ഉപയോഗിച്ചുള്ള വിനോദാപാധികളും ഇവയ്ക്ക് ഫലപ്രദമാണ്. ചികിത്സയുടെ ഭാഗമായി നിർദ്ദേശിച്ചിട്ടുള്ള വിനോദോപാധികൾ നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കുന്നതിലൂടെ സാധ്യമാകുന്നു.

ഇൻഹലന്റ് ഉപയോഗത്തിന് അടിമയായ കുട്ടിയുമായി ഒരു നല്ല ബന്ധമുണ്ടാക്കിയാൽ മാത്രമേ കുട്ടി ചികിത്സയ്ക്ക് സഹകരിക്കൂ. ഇൻഹലന്റ് ഉപയോക്താക്കളുടെ സങ്കീർണ്ണമായ ചിന്തകളും ലഹരിയോടുള്ള അമിത താല്പര്യം കുറക്കുകയാണ് ചികി

ത്സയുടെ ആദ്യഘട്ടം.

ചുരുങ്ങിയ ദിവസത്തെ ചികിത്സകൊണ്ട് കാര്യമായ പുരോഗതി പ്രതീക്ഷിക്കാൻ കഴിയില്ല. അതിനുള്ള കാരണങ്ങളിലൊന്ന് ഇൻഹലന്റുകളുടെ അംശം ശരീരത്തിൽ വളരെക്കാലം നിലനിൽക്കുന്നതാണ്. എത്രകാലം ചികിത്സ വേണ്ടിവരുമെന്ന് കൃത്യമായി പറയാൻ കഴിയില്ലെങ്കിലും അത് മിക്കവാറും മാസങ്ങളോളം നീളുന്നു. ഇൻഹലന്റ് ദുരുപയോഗത്തിന് അടിമയായ കുട്ടിയുടെ നഷ്ടപ്പെട്ട കഴിവുകൾ പുനഃസ്ഥാപിക്കാനും അവരുടെ ദുശ്ശീലം മാറ്റിയെടുക്കാനും കൂടുതൽ സംരക്ഷണ പ്രവൃത്തികൾ അത്യാവശ്യമാണ്.

## ഇൻഹലന്റ് ലഹരിക്കടിമപ്പെട്ടവരുടെ ഭാവി

ചെറുപ്പത്തിൽ ഇൻഹലന്റ് ഉപയോഗ ശീലമുള്ളവർ ഭാവിയിൽ മയക്കുമരുന്നുപയോഗത്തിലും സാമൂഹ്യവിരുദ്ധ പ്രവൃത്തികളിലും ഏർപ്പെടുന്നവരായി മാറുന്നവരാണ് എന്ന് പഠനങ്ങൾ പറയുന്നു. ഇൻഹലന്റുകൾ ദുരുപയോഗം ചെയ്യുന്ന മിക്ക കൗമാരക്കാരും മറ്റ് മയക്കുമരുന്നുകളിലേക്ക് വഴിമാറുമ്പോൾ ചിലർ ഇൻഹലന്റ് ദുരുപയോഗം ഭാവിയിലും തുടരുന്നു. അവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരായിരിക്കും. അവരിൽ തൂക്കക്കുറവ്, രോഗങ്ങൾ, ശ്രദ്ധയില്ലായ്മ, ഓർമ്മക്കുറവ് എന്നിവയും കണ്ടുവരുന്നു.

## ഇൻഹലന്റ്സ് നിയമവിരുദ്ധമോ?

വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളാണ് പലപ്പോഴും ഇൻഹലന്റുകളായി ഉപയോഗിക്കുന്നത് എന്നതിനാൽ അവയുടെ ഉപയോഗം നിയമവിരുദ്ധമല്ല. എന്നാൽ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് മണപ്പിക്കുന്നതിലൂടെ ലഹരി ലഭിക്കുന്ന ഏത് തരത്തിലുള്ള വസ്തുക്കൾ ആര് വില്പന ചെയ്യുന്നത് നിയമവിരുദ്ധമാണ്. സർക്കാർ തലത്തിൽ ഇതിനുള്ള നിയമവ്യവസ്ഥ രൂപീകരിക്കേണ്ടതും സമൂഹം അത് ശരിയായ രീതിയിൽ പാലിക്കപ്പെടുന്നുണ്ടോയെന്നും നിരീക്ഷിക്കേണ്ടതാണ്.

***